പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2687 17.06.2019 ൽ മറുപടിയ്ക്ക്

**സുവോളജിക്കൽ പാർക്ക് നിർമ്മാണം**

| | ചോദ്യം<br>ശ്രീ.അനിൽ അക്കര | മറുപടി<br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|---|
| (എ) | തൃശ്ശൂരിലെ പുത്തൂരിൽ സ്ഥാപിക്കുന്ന സുവോളജിക്കൽ പാർക്കിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (എ) തൃശ്ശൂരിലെ പുത്തൂരിൽ സ്ഥാപിക്കുന്ന സുവോളജിക്കൽ പാർക്കിന്റെ നിർമ്മാണം മൂന്നു ഘട്ടങ്ങളിലായി നടക്കുന്നു. ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുന്ന മൃഗങ്ങൾക്കുള്ള നാലു ആവാസയിടങ്ങളുടെ പണി അന്തിമഘട്ടത്തിലാണ്. ഈ ഘട്ടത്തിലുള്ള ആസ്ഥാനമന്ദിരം, വെറ്ററിനറി ആശുപത്രി സമുച്ചയം എന്നിവയുടെ പണി നടക്കുന്നു. ക്വാർട്ടേഴ്സുകളുടെ രണ്ടു ബ്ലോക്കുകളുടെ പണി പൂർത്തിയായി. രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുന്ന പാർക്കിംഗ്, ഓറിയന്റേഷൻ സെന്റർ, ബയോഡൈവേഴ്സിറ്റി സെന്റർ, മൃഗങ്ങൾക്കുള്ള 7 ആവാസയിടങ്ങൾ എന്നിവയുടെ പണി ആരംഭിച്ചു. മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുന്ന, മൃഗങ്ങൾക്കുള്ള 11 ആവാസയിടങ്ങൾ, ജലവിതരണം, മഴവെള്ള സംഭരണം, മാലിന്യ സംസ്കരണം, റോഡുകൾ, ട്രാംസ്റ്റേഷനുകൾ, കംഫർട്ട് സ്റ്റേഷനുകൾ, ചുറ്റുമതിൽ നിർമ്മാണം എന്നിവ ടെണ്ടർ ഘട്ടത്തിലാണ്. ഇതിനോടകം 28.87345 കോടി രൂപ ചെലവായിട്ടുണ്ട്. |
| (ബി) | നിലവിൽ ഏതെല്ലാം മൃഗങ്ങളുടെ ആവാസയിടങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) നിലവിൽ ഒന്നാം ഘട്ടത്തിൽപ്പെടുന്ന കരിങ്കുരങ്ങ്, സിംഹവാലൻ കുരങ്ങ്, പക്ഷികൾ, കാട്ടുപോത്ത് എന്നിവയുടെ ആവാസയിടങ്ങൾ പൂർത്തിയായി വരുന്നു. |
| (സി) | 2019 മാർച്ചിൽ ഉദ്ഘാടനം ചെയ്ത രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് അവസ്ഥയിലാണ്; | ( സി) 2019 മാർച്ചിൽ ഉദ്ഘാടനം ചെയ്ത രണ്ടാം ഘട്ടത്തിന്റെ പണികൾ നടന്നു വരുന്നു. പാർക്കിംഗ്, ഓറിയന്റേഷൻ സെന്റർ, ബയോഡൈവേഴ്സിറ്റി സെന്റർ, മാനുകൾ, ചീങ്കണ്ണി, സിംഹം, കടുവ, പുലി എന്നിവയെ പാർപ്പിക്കുവാനുള്ള ഏഴ് ആവാസയിടങ്ങൾ എന്നിവയാണ് ഈ ഘട്ടത്തിലുള്ളത്. എല്ലാ സൈറ്റിലും മണ്ണുവേല നടക്കുന്നു. |

| | | |
|---|---|---|
| (ഡി) | തൃശ്ശൂർ മൃഗശാലയ്ക്ക് നിലവിൽ കേന്ദ്ര മൃഗശാല അതോറിറ്റിയുടെ അംഗീകാരം ഉണ്ടോ; | (ഡി) തൃശ്ശൂർ മൃഗശാലക്ക് നിലവിൽ കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ അംഗീകാരം ഇല്ല. |
| (ഇ) | തൃശ്ശൂർ മൃഗശാലയിലേയ്ക്ക് പുതിയ മൃഗങ്ങളെ കൊണ്ടുവരുന്നതിന് പദ്ധതിയുണ്ടോ എന്നറിയിക്കാമോ? | (ഇ) തൃശ്ശൂർ മൃഗശാല പുത്തൂരിലേക്ക് മാറ്റി സ്ഥാപിച്ചതിന് ശേഷമേ പുതിയ മൃഗങ്ങളെ കൊണ്ട് വരുകയുള്ളൂ. |

സെക്ഷൻ ഓഫീസർ